LIBRARY ARCHIVES Kerala Legislative Assembly

7) ദളിത് ക്രൈസ്തവർക്കുള്ള ആനുകൂല്യങ്ങൾ സംബന്ധിച്ച് ശ്രീ. കോവൂർ കുഞ്ഞുമോൻ, എം.എൽ.എ.-യുടെ സബ്മിഷന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി, ശ്രീ. എ. കെ. ബാലൻ മേശപ്പുറത്തുവച്ച മറുപടി

പട്ടികജാതിയിൽനിന്ന് ക്രിസ്തുമതത്തിലേയ്ക്ക് പരിവർത്തനം ചെയ്തവരെ കേരള സംസ്ഥാനത്തെയും കേന്ദ്രത്തിലെയും മറ്റ് പിന്നോക്ക വിഭാഗ (OBC) ലിസ്റ്റിൽ Scheduled Caste converted to Christianity എന്ന പേരിലാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ഇവരുടെ സമുദായ സർട്ടിഫിക്കറ്റിൽ പരിവർത്തനത്തിന് മുമ്പുള്ള ജാതിയുടെ പേരുകൂടി ഉൾപ്പെടുത്തണമെന്നാണ് സബ്മിഷനിലൂടെ ആവശ്യപ്പെട്ടിട്ടുള്ളത്.

16-4-2012-ലെ 59/2012 SCSTTDD നമ്പർ ഉത്തരവുപ്രകാരം വിദ്യാഭ്യാസ ആനുകൂല്യത്തിനായി ഒ.ഇ.സി. എന്നും വിദ്യാഭ്യാസ സംവരണത്തിനായി ഒ.ഇ.സി./ഒ.ബി.സി. എന്നും മറ്റാവശ്യങ്ങൾക്ക് ഒ.ബി.സി. എന്നും സമുദായ സാക്ഷ്യപത്രത്തിൽ രേഖപ്പെടുത്തുവാൻ വ്യവസ്ഥയുണ്ട്.

പട്ടികജാതിയിൽനിന്ന് ക്രിസ്തുമതത്തിലേയ്ക്ക് പരിവർത്തനം ചെയ്തവർക്ക് പൊതുവായ സംവരണ ക്വാട്ട മാത്രമേ നിലവിലുള്ളൂ. മതപരിവർത്തനം നടത്തിയ പട്ടികജാതിക്കാർക്കും ജാതി തിരിച്ചുള്ള സംവരണ ആനുകൂല്യമില്ല. പ്രത്യേകം ക്വാട്ടകളില്ലാത്തതിനാൽ ജാതി സൂചിപ്പിച്ചിട്ടുള്ള സർട്ടിഫിക്കറ്റില്ലാത്തതിനാൽ സംവരണം നഷ്ടപ്പെടുന്ന സ്ഥിതിയും നിലവിലില്ല.

സബ്മിഷനിൽ ആവശ്യപ്പെട്ടപ്രകാരം പരിവർത്തനത്തിന് മുമ്പുള്ള കാലത്തെ ജാതികൂടി സമുദായ സാക്ഷ്യപത്രത്തിൽ ചേർക്കണമെന്ന കാര്യം സർക്കാർ പരിശോധനയിലാണ്. 2012-ലെ സർക്കാർ ഉത്തരവുപ്രകാരം ഒ.ഇ.സി. ലിസ്റ്റിൽ ഉൾപ്പെട്ട സമുദായങ്ങൾക്ക് ജാതി സർട്ടിഫിക്കറ്റുകൾ നൽകുമ്പോൾ അപേക്ഷകന്റെ ആവശ്യത്തിനനുസൃതമായി വിദ്യാഭ്യാസ (സാമ്പത്തിക) ആനുകൂല്യത്തിനുള്ള സർട്ടിഫിക്കറ്റിൽ ഒ.ഇ.സി. എന്ന് രേഖപ്പെടുത്തിയും വിദ്യാഭ്യാസ സംവരണത്തിനുള്ള സർട്ടിഫിക്കറ്റിൽ ഒ.ഇ.സി./ഒ.ബി.സി. എന്ന് രേഖപ്പെടുത്തിയും മറ്റാവശ്യങ്ങൾക്ക് ഒ.ബി.സി. എന്ന് രേഖപ്പെടുത്തിയും സർട്ടിഫിക്കറ്റുകൾ നൽകുന്നതുപോലെ റവന്യൂ മാന്വലിലും സമാനമായ നിബന്ധന ചേർക്കാമോയെന്ന കാര്യം പരിശോധിക്കുന്നതാണ്.